പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 235

18/06/2014-ൽ മറുപടിയ്ക്കു്

## ദേവസ്വം നിയമനങ്ങളിലെ സംവരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനത്തിൽ അഴിമതി ആരോപണം ഉന്നയിക്കപ്പെട്ടതിനെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ; എങ്കിൽ വിശദമാക്കാമോ; | എ) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡിന് കീഴിലുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനത്തിൽ അഴിമതി ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടില്ല. മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഭരണപരമായ മേൽനോട്ടം മാത്രം ഉള്ള ക്ഷേത്രങ്ങളൊഴികെ മറ്റു സ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല. എന്നാൽ ഗുരുവായൂർ ദേവസ്വത്തിൻ കീഴിലെ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളെ സംബന്ധിച്ച് ചില പരാതികൾ ലഭിച്ചതിനെ സംബന്ധിച്ച് സർക്കാർ ദേവസ്വം അഡ്മിനിസ്ട്രേറ്ററിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) ഈ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളിൽ സംവരണ തത്വം പാലിക്കണമെന്ന പട്ടികജാതി ക്ഷേമ സമിതിയുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; | ബി) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കണമെന്ന പട്ടികജാതി ക്ഷേമ സമിതി സർക്കാരിൽ സമർപ്പിക്കുകയും ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി എല്ലാ ദേവസ്വം ബോർഡുകൾക്കും ഹർജിയുടെ പകർപ്പ് സർക്കാർ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഹിന്ദുമതത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ക്ഷേത്ര ജീവനക്കാർ ഒഴിച്ചുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള നോട്ടിഫിക്കേഷൻ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും എന്നാൽ ഇതിനെതിരെ നായർ സർവ്വീസ് സൊസൈറ്റി ബഹു. ഹൈക്കോടതിയിൽ WP(C) No. 17581/2006 പ്രകാരവും ശ്രീ. മുരളീധരൻ എന്നയാൾ WP(C) 17814/2006 നമ്പർ പ്രകാരവും കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത കേസുകൾ നാളിതുവരെ |

തീർപ്പാക്കിയിട്ടില്ലാത്തതുമാണ്. ആയതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കൊച്ചിൻ ദേവസ്വം ബോർഡിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ മെറിറ്റടിസ്ഥാനത്തിലാണ് നടത്തുന്നത്. ഗുരുവായൂർ ദേവസ്വം ബോർഡിന് കീഴിലുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളിൽ സംവരണ തത്വം പാലികുന്നതായി ദേവസ്വം അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശി ക്കുന്നുവെന്ന് അറിയിക്കുമോ? | സി) ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെയുള്ള മറ്റ് വിവിധ തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനാവശ്യമായ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് രൂപീകരിക്കുവാൻ സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. റിക്രൂട്ട്മെൻറ് ബോർഡ് നിലവിൽ വരുമ്പോൾ സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടായിരിക്കും നിയമനങ്ങൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ